**കേരള സർക്കാർ**

സംഗ്രഹം

**തദ്ദേശസ്വയംഭരണ വകുപ്പ് - നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് - ഓഡിറ്റ് തടസ്സമുള്ള പദ്ധതികൾക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

==========================================================================

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ).2915/14/തസ്വഭവ                    തീയതി, തിരുവനന്തപുരം, 07.11.2014

==========================================================================

പരാമർശം: ഗ്രാമവികസന കമ്മീഷണറുടെ 15.10.2014 ലെ 9400/ഡിപി4/14/സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതികളായ(1) അങ്കണവാടികൾ, ക്രഷ് എന്നിവിടങ്ങളിൽ കളിപ്പാട്ടങ്ങൾ (2010-11), 5,25,180/- (രൂപ അഞ്ച് ലക്ഷത്തി ഇരുപത്തി അഞ്ചായിരത്തി നൂറ്റി എൺപത്) (2) കുളപ്പാറച്ചാൽ ഗുഡ് സമരിട്ടൻ ആതുരാശ്രമത്തിലെ വൃദ്ധജനങ്ങൾക്ക് കട്ടിൽ (2009-10), 25,650/- (രൂപ ഇരുപത്തി അയ്യായിരത്തി അറുന്നൂറ്റി അ മ്പത്) (3) രാജക്കാട് കരുണാഭവന് ഫർണീച്ചർ (2010-11) 1,00,000/- (രൂപ ഒരു ലക്ഷം) എന്നീ പദ്ധതികൾ ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്തതിനാൽ ഓഡിറ്റ് തടസ്സമുണ്ടെന്നും നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്തിലെ ടി പദ്ധതികൾ വൃദ്ധർ, ശിശുക്കൾ, കരുണാഭവനിലെ അനാഥരായവർ തുടങ്ങിയവർക്ക് വേണ്ടി ചെലവഴിച്ച പദ്ധതിയാകയാൽ സാധൂകരണം നൽകാവുന്നതാണെന്നും പരാമർശ പ്രകാരം ഗ്രാമവികസന കമ്മീഷണർ ശുപാർശ ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്തിന്റെ മേൽ പരാമർശിക്കപ്പെട്ട വൃദ്ധർ, ശിശുക്കൾ, കരുണാഭവനിലെ അനാഥരായവർ തുടങ്ങിയവർക്ക് വേണ്ടി ചെലവഴിച്ച തുകകളായതിനാൽ മേൽപറഞ്ഞ പദ്ധതികൾക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
രാമൻകുട്ടി.സി.,
ഡെപ്യൂട്ടി സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. സെക്രട്ടറി/പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത്, നെടുങ്കണ്ടം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
5. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ